13/1/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **CP.409(2)/2022**/എസ്.ഐ.സി
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 15379 എസ്.ഐ.സി-ജി 6/22
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീമതി പത്മിനി സി.എൻ.,**
**ഐശ്വര്യ, ഡീസന്റ് ജംഗ്ഷൻ പി.ഒ.,**
**കൊല്ലം, പിൻ - 691 577.** } **പരാതി ഹർജിക്കാരി**

**Vs**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&**
**ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),**
**സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)**
**ഓഫീസ്, കൊല്ലം.** } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.07.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13.07.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.09.2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.10 . 2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി പത്മിനി സി.എൻ., 20.09.2022ന് സമർപ്പിച്ച പരാതി ഹർജി 10.10.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.409(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരി 01.07.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.273, മുഖത്തല പി.ഒ., കൊല്ലം ബാങ്കിൽ 8933-ാം നമ്പർ എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിച്ച തുകയുടെ സ്റ്റേറ്റ്മെന്റ്,

2) ടി ബാങ്കിൽ ടിയാളുടെ പേരൽ എത്ര ഫിക്സഡ് ഡെപ്പോസിറ്റ് ഉണ്ടായിരുന്നു എന്നതിന്റെ രേഖകൾ, പിൻവലിച്ച ഡെപ്പോസിറ്റ് രസീതുകളുടെ കോപ്പി,

3) 01.10.2012ലെ 1373 നമ്പർ എഫ്.ഡി.യുടെ കോപ്പിയും തുടർന്ന് പുതുക്കിയതും പിൻവലിച്ചതുമായ രസീതുകളുടെ കോപ്പിയും,

4) 5780-ാം നമ്പർ എസ്.ബി.അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ്,

6) 30.03.2015ലെ 011062 എന്ന എഫ്.ഡി.ക്ലോസ് ചെയ്ത രസീതിന്റെ കോപ്പി,

7) ടിയാൾ ഒപ്പിട്ട വൗച്ചറുകളുടെ കോപ്പി എന്നിവയാണ്.

4. എതിർകക്ഷി 31.10.2022ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമായവയല്ലെന്നും ആയതിനാൽ വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ലെന്ന മറുപടി ടിയാൾക്ക് 13.07.2022ന് നൽകിയിട്ടുണ്ടെന്നുമാണ്. പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. 12.12.2022 തീയതി കമ്മീഷൻ കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ എതിർകക്ഷി ഹാജരായിരുന്നു. പരാതി ഹർജിക്കാരിയ്ക്കു വേണ്ടി മകളെ ചുമതലപ്പെടുത്തി കത്തു നൽകുകയും ടിയാൾ ഹാജരാകുകയും ചെയ്തു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരിയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നതിനാൽ ഈ പരാതി ഹർജിയിൽ മേൽ നടപടി

ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2022 ഡിസംബർ 24-ാം തീയതി **കമ്മീഷൻ** തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ **കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ** സെക്രട്ടറി

Ge/